## 759

സങ്കടത്തിൽ പരൻ കരങ്ങളാൽ താങ്ങിടുമേ
സംഭ്രമത്തിൽ തുണ നിന്നവൻ നടത്തിടുമേ

1 തിരുനിണം ചൊരിഞ്ഞു മരണത്തിൻ കരങ്ങളിൽ
നിന്നെന്നെ വീടുത്തു പുതുജീവൻ തന്നു അനുഗ്രഹം പകർന്നു
സ്വർഗ്ഗത്തിലിരുത്തിയെന്നെ-

2 തിരകളെൻ ജീവിതപ്പടകിൽ വന്നടിച്ചാൽ പരിഭ്രമമില്ലെനിക്കു
അലകളിൻമീതെ നടന്നൊരു നാഥൻ അഭയമായുനിക്കു-

3 അവനെന്നെ ശോധന ചെയ്തിടുമെങ്കിലും പരിഭവമില്ലെനിക്കു
തിരുഹിതമെന്താ-ണതുവിധമെന്നെ നടത്തിയാൽ മതിയെന്നും-

4 ഒടുവിലെൻ ഗുരുവിൻ അരികിൽ തൻ മഹസ്സിൽ പുതുവുടൽ ധരിച്ചണയും
കൃപയുടെ നിത്യധനത്തിന്റെ വലിപ്പം പൂർണ്ണമായ് ഞാനറിയും-

**G.P.**